പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *431 21-3-2018 - ൽ മറുപടിയ്ക്ക്**

## കൺസ്യൂമർ നയവും വിപണി ഇടപെടലുകളും

**ചോദ്യം** **മറുപടി**

**ശ്രീ. എസ്. രാജേന്ദ്രൻ**
**" മുരളി പെരുനെല്ലി**
**" സി.കെ.ശശീന്ദ്രൻ**
**" റ്റി. വി. രാജേഷ്:**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ) അളവുതൂക്കത്തിലും വിലയിലും ഗുണനിലവാരത്തിലും ഉപഭോക്താക്കൾ വ്യാപകമായി കബളിപ്പിക്കപ്പെടുന്നത് കണക്കിലെടുത്ത് സംസ്ഥാനത്തിന് പ്രത്യേകമായി കൺസ്യൂമർ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(എ) നമ്മുടെ സംസ്ഥാനം പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ നമ്മൾ അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ ലോകം മാറികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഓൺലൈൻ വ്യാപാരം, മൾട്ടി ലെവൽ വ്യാപാരം എന്നിവയുമായി ബന്ധപ്പെട്ട് സങ്കീർണ്ണമായ നിയമ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. സംസ്ഥാനത്ത് ഒരു ഉപഭോക്തൃ നയം നിലവിലില്ലാത്ത സാഹചര്യത്തിൽ ഇവയ്ക്കെല്ലാം പരിഹാരം കാണുന്നതിനായി ഒരു ഉപഭോക്തൃ നയം രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പൊതു മാർക്കറ്റിൽ ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾക്ക് അന്യായമായ വിലവർദ്ധനവ് ഉണ്ടാകാതിരിക്കാനായി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) വിലവർദ്ധനവിന്റെ അടിസ്ഥാന കാരണം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്ത് പഠന വിധേയമാക്കുവാനും ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിക്കുന്നതിനും ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രൈസ് മോണിറ്ററിംഗ് സെൽ മെച്ചപ്പെടുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി ചെയർമാനായും, പൊതുവിതരണ വകുപ്പ് ഡയറക്ടർ കൺവീനറായും, ജോയിന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്,

ജോയിന്റ് കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, കൺട്രോളർ ഓഫ് റേഷനിംഗ്, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്, സ്റ്റേറ്റ് സെക്രട്ടറി, അഗ്രിക്കൾച്ചർ പ്രൈസസ് ബോർഡ്, ഡയറക്ടർ (വി.എഫ്.പി.സി.കെ), ടെക്നിക്കൽ ഡയറക്ടർ (NIC), സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്, അഡീഷണൽ ഡയറക്ടർ(പ്രൈസസ്), എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, റിസർച്ച് ഓഫീസർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്), കൃഷി വകുപ്പ്, ജനറൽ മാനേജർ, ഹോർട്ടിക്കോർപ്പ്, മാനേജർ(പർച്ചേസ്), സപ്ലൈകോ, മാനേജർ, ഇ-ഗവേണൻസ്, ഐ.റ്റി മിഷൻ, അസിസ്റ്റന്റ് ഡയറക്ടർ, WTO സെൽ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി സംസ്ഥാനതല പ്രൈസ് മോണിറ്ററിംഗ് സെൽ വിപുലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്ക് വിഭാഗത്തിന് നൽകുകയും അവിടെ നിന്ന് വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര ഉപഭോക്തൃകാര്യ പൊതുവിതരണ മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ ചേർക്കുകയും ചെയ്യും. വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുമുണ്ട്.

2017-18 സാമ്പത്തിക വർഷം വിപണി ഇടപെടൽ നടത്തുന്നതിനായി ബഡ്ജറ്റിൽ 200 കോടി രൂപ സപ്ലൈകോയ്ക്ക് വകയിരുത്തിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനങ്ങൾ ഉൾപ്പെടെ ആകെ ഇരുപത്തെട്ടോളം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

ഇതിനുപരിയായി വിവിധ കാലയളവുകളിൽ 'അരിക്കട' എന്ന സംവിധാനം ഏർപ്പെടുത്തിയും ഉത്സവ കാലങ്ങളിൽ മെട്രോ ഫെയറും മാർക്കറ്റുകളും സംഘടിപ്പിച്ച് സാധാരണക്കാരന്റെ ആവശ്യകത നിറവേറ്റാൻ യത്നിക്കുന്നു. ഇദംപ്രഥമമായി സർക്കാർ നേരിട്ട് ഇടപെട്ട് ആന്ധ്രയിൽ നിന്നും 6000 ടൺ അരി കേരളത്തിലെത്തിച്ച് വിതരണം നടത്തിയിരുന്നു. പൊതുവിതരണ

| | | | |
|---|---|---|---|
| | | | ശൃംഖലയിലെ റേഷൻ സാധനങ്ങളുടെ മറിച്ചു വില്പന, തിരിമറി, പൊതു വിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തി വെയ്പ്പ് എന്നിവ തടയുന്നതിനായി നിരന്തര പരിശോധനകൾ നടത്തി നിത്യോപയോഗ സാധനങ്ങളുടേയും മറ്റ് അവശ്യ വസ്തുക്കളുടേയും ലഭ്യത ഉറപ്പ വരുത്തുകയും ചെയ്യുന്നു.<br>അതോടൊപ്പം കൺസ്യൂമർ ഫെഡ് നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി വിതരണ രംഗത്ത് ശക്തമായി ഇടപെടുന്നുണ്ട്. അരിവില നിയന്ത്രണാ-തീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമ ബംഗാളിൽ നിന്നും അരികൊണ്ടുവന്ന് സംസ്ഥാനത്ത് വിതരണം ചെയ്ത് വിലകുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, ഇ-ത്രിവേണി സ്റ്റോറുകൾ മൊബൈൽ ത്രിവേണികൾ എന്നീ ഔട്ട്ലെറ്റുകൾ വഴിയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നീതി സ്റ്റോറുകൾ വഴിയും ഉത്സവ ചന്തകൾ വഴിയും വില്പന നടത്തി വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യവസ്തുക്കളുടെ വില വർദ്ധനവ് ഒഴിവാക്കാനായി സബ്സിഡിയായി ഈ സാമ്പത്തിക വർഷം എത്ര തുക നൽകി; | (സി) | 150 കോടി രൂപ. |
| (ഡി) | മാവേലി സ്റ്റോറുകൾക്കും സൂപ്പർ മാർക്കറ്റുകൾക്കും പീപ്പിൾ ബസാറു-കൾക്കും കാര്യക്ഷമമായ വിപണിയിടപെടലിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാ-മെന്നറിയിക്കാമോ? | (ഡി) | വിപണിയിടപെടലിന്റെ ഭാഗമായി മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ മുതലായ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 2017-18 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 200 കോടി രൂപയിൽ 150 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ